## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1920      04.05. 2017 ൽ മറുപടിക്ക്

## **അതിരപ്പിള്ളി തേനരുവി-നർമ്മദ, ചിക്ലായി എന്നീ ജലനിധികൾക്ക് നൽകിയ അധികബിൽ**

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തേനരുവി-നർമ്മദ, ചിക്ലായി എന്നീ ജലനിധികൾക്ക് കെ.എസ്.ഇ.ബി. നൽകിയ അധികബിൽ ഒഴിവാക്കുന്നതിനായി ജലനിധി സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;<br>(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) &(ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഗാർഹികേതരാവശ്യങ്ങൾക്കായി കുടിവെള്ളമുപയോഗിക്കുന്നതായി കണ്ടെത്തിയതിനാൽ തേനരുവി - നർമ്മദ പദ്ധതിക്ക് 4,97,950/- രൂപയുടെയും ചിക്ലായി പദ്ധതിക്ക് 6,92,125/- രൂപയുടെയും അധിക ബിൽ നല്കിയിരുന്നു. . കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബില്ലുകൾ രണ്ട് വർഷത്തേക്കായി നിജപ്പെടുത്തി തേനരുവി - നർമ്മദ പദ്ധതിക്ക് **1,98,710/-** രൂപയായും ചിക്ലായി പദ്ധതിക്ക് **2,43,272**/- രൂപയായും കുറവ് ചെയ്ത് നല്കിയിട്ടുണ്ട്.<br>തേനരുവി-നർമ്മദ ജലനിധി അതിരപ്പിള്ളി, ചിക്ലായി ജലനിധി അതിരപ്പിള്ളി സെക്രട്ടറിയുടെ അധിക ബിൽ ഒഴിവാക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് ഇരിഞ്ഞാലക്കുട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ഉപഭോക്താക്കളുമായി ഹീയറിംഗ് നടത്തുന്നതിന് നിർദ്ദേശം നല്കുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഹീയറിംഗ് നടത്തി സമർപ്പിച്ച റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ